പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1335 02.05.2017-ലെ മറുപടിക്ക്

**കെ. എസ്. ആർ. ടി. സി. ക്ക് പുതിയ ബസ്സ് ഷാസികൾ**

ചോദ്യം

ശ്രീ. പി.സി. ജോർജ്

ഉത്തരം

ശ്രീ. തോമസ് ചാണ്ടി
(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ കെ. എസ്. ആർ. ടി. സി. ക്ക് എത്ര പുതിയ ബസ്സ് ഷാസികൾ വാങ്ങിയിട്ടുണ്ട്; ഏതൊക്കെ തീയതികളിൽ ആണ് ഇവ വാങ്ങിയിട്ടുള്ളതെന്നും ഇതിന്റെ വിലകൾ എത്രയെന്നും ഇനം തിരിച്ച് വിശദമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഒരു സി.എൻ.ജി ബസ്സ് ഒഴികെ പുതിയ ബസ്സുകളോ ഷാസ്സികളോ വാങ്ങിയിട്ടില്ല. എന്നാൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വാങ്ങിയ 583 ഷാസ്സികളിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ബോഡി നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത ഷാസികൾ ബോഡി ചെയ്തത് കെ. എസ്. ആർ. ടി. സി. വർക്ക് ഷോപ്പിൽ തന്നെയാണോ; ഇതിലേക്കായി എന്തു തുക ചെലവായി എന്ന് വിശദമാക്കു മോ; | (ബി) | അതെ.<br>112.69 കോടി രൂപ. |
| (സി) | മറ്റ് ഏതെങ്കിലും ഏജൻസികളെ കൊണ്ടാണ് ബസ്സിന്റെ ബോഡി യും സീറ്റുകളും മറ്റും ചെയ്യിച്ച തെങ്കിൽ ഇതിന്റെ വിശദാംശ ങ്ങൾ തുക സഹിതം വിശദമാക്കു മോ; | (സി) | ബസ്സുകളുടെ ബോഡി നിർമ്മിച്ചത് പൂർണ്ണ മായും കെ.എസ്.ആർ.ടി.സി വർക്ക്ഷോപ്പു കളിലാണ്. എന്നാൽ 150 എയർ സസ്പെൻ ഷനുള്ള ബസ്സുകൾക്കുള്ള സൈഡ് വിൻഡോ ഗ്ലാസ്സുകളും, റീ ക്ലൈൻഡ് സീറ്റുകളും താഴെ പറയുന്ന സ്ഥാപനങ്ങളാണ് നിർമ്മിച്ചത്.<br>സൈഡ് വിൻഡോ ഗ്ലാസ്സ് : ഇ-ടെൻഡറിൽ യോഗ്യത നേടിയ M/s. TPRS Enterprises, |

| | | | |
|---|---|---|---|
| | | | Pondicherry എന്ന സ്ഥാപനമാണ് സൈഡ് വിൻഡോ ഗ്ലാസ്സ് ഫ്രെയിം ഉൾപ്പെടെ നൽകിയതും വാഹനത്തിൽ ഘടിപ്പിച്ചതും. ബസ്സ് ഒന്നിന് 84,150/- രൂപ നിരക്കിൽ ഈ സ്ഥാപനത്തിന് നൽകിയിട്ടുണ്ട്.<br>റീക്ലൈൻഡ് സീറ്റ്സ് : ഇ-ടെൻഡറിൽ യോഗ്യത നേടിയ M/s Haritha Seating, Hosur എന്ന സ്ഥാപനത്തിനാണ് ഓർഡർ നൽകിയത്.<br>ബസ്സ് ഒന്നിന് 1,91,000/- രൂപ നിരക്കിൽ ഈ സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. |
| (ഡി) | പ്രസ്തുത ബസ്സുകൾ എല്ലാം നിരത്തിൽ ഓടുന്നുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ? | (ഡി) | ഇല്ല. മേൽ പറഞ്ഞവയിൽ 204 ബസ്സുകളുടെ ബോഡി നിർമ്മാണവും രജിസ്ട്രേഷനും മറ്റും 01.01.2017 മുതൽ AIS 052 ബസ്സ് ബോഡി കോഡ് നടപ്പിൽ വരുത്തിയതിനെ തുടർന്ന് തടസ്സപ്പെട്ടിരുന്നു. ആയത് ഭാരത സർക്കാർ പ്രസ്തുത ബസ്സ് ബോഡി കോഡ് നടപ്പിൽ വരുത്തുന്നത് 30.06.2017 വരെ നീട്ടി വച്ചതിനെ തുടർന്ന് ഈ ബസ്സുകളുടെ രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിച്ചുകഴിഞ്ഞു. ഇതിൽ 161 ബസ്സുകൾ ഇൻഷ്വറൻസ്, അന്തർ സംസ്ഥാന പെർമിറ്റുകൾ എന്നിവ ലഭിക്കുന്നതിനു വേണ്ടി മാറ്റിയിട്ടിരിക്കുകയാണ്. അവ ലഭ്യമാകുന്ന മുറയ്ക്ക് ഈ ബസ്സുകൾ കൂടി ഓടി തുടങ്ങുന്നതാണ്. |

സെക്ഷൻ ഓഫീസർ